LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജലത്തിനും കൃഷി ആവശ്യത്തിനുമുള്ള വെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുകവഴി ലഭിക്കുന്ന അധിക വരുമാനം

61 [1747] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്ജ്:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന ജലസേചന സംരക്ഷണ നിയമ പ്രകാരം ശുദ്ധജലത്തിനും കൃഷി ആവശ്യത്തിനുമുള്ള വെള്ളത്തിന് സെസ്സ് ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം സെസ്സ് ഏർപ്പെടുത്തുന്നപക്ഷം സർക്കാരിന് പ്രതിവർഷം എത്ര അധിക വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കുടിവെള്ളത്തിന് സെസ്സ് ചുമത്തുന്ന കാര്യം പുതിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കൃഷി ആവശ്യത്തിനായുള്ള വെള്ളത്തിന് ഇറിഗേഷൻ സെസ്സ് ഏർപ്പെടുത്താൻ 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്റ്റ് സെക്ഷൻ 23 അനുസരിച്ച് വ്യവസ്ഥയുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന സെസ്സ് പുതിയ നിയമത്തിലും നിലനിറുത്തിയിട്ടേയുള്ളൂ. പുതിയതായി ഏർപ്പെടുത്തിയിട്ടില്ല.

കുടിവെള്ളത്തിന് വാട്ടർ അതോറിറ്റി ഈടാക്കുന്ന ചാർജ്ജിന്റെ നിരക്ക്

62 [1748] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ എത്ര കുടിവെള്ള ഉപഭോക്താക്കൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കുടിവെള്ളത്തിന് വാട്ടർ അതോറിറ്റി ഈടാക്കുന്ന ചാർജ്ജിന്റെ നിരക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നിരക്കിന്റെ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണ് ഇപ്പോൾ നിലവിലുള്ള നിരക്കുകൾ എന്ന് വിശദീകരിക്കാമോ;

(ഡി) 2001 മാർച്ച് 31-ലെ കണക്ക് പ്രകാരം വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾ എത്ര;

(ഇ) 2003 ഡിസംബർ 31-ലെ കണക്കുകൾ പ്രകാരം വെള്ളക്കരം ഇനത്തിൽ എത്ര കോടി രൂപ ഇനിയും പിരിച്ചെടുക്കേണ്ടതായിട്ടുണ്ട്;

(എഫ്) എത്ര ശതമാനം വെള്ളം വിതരണ ഘട്ടത്തിൽ നഷ്ടപ്പെട്ടു പോകുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ) 30-11-2003-ലെ കണക്കുകൾ പ്രകാരം വിവിധ വിഭാഗങ്ങളിലായി 9,06,798 ഉപഭോക്താക്കൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 31-3-2001-ലെ കണക്കുകൾ പ്രകാരം വിവിധ വിഭാഗങ്ങളിലായി 7,95,423 വാട്ടർ കണക്ഷനുകൾ ഉണ്ട്.

(ഇ) ലഭ്യമായ 30-11-2003-ലെ കണക്കുകൾ പ്രകാരം വിവിധ ഇനം ഉപഭോക്താക്കളിൽ നിന്നും 147.93 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 215.66 കോടി രൂപയും വാട്ടർ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുണ്ട്.

(എഫ്) ശുദ്ധീകരണ വിതരണ ഘട്ടങ്ങളിലായി 40% ജലം നഷ്ടപ്പെടുന്നതായി കണക്കാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly